I/5917421/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/353/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-10-2023

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി - കോഴി കുഞ്ഞിന്റെ യൂണിറ്റ് നിരക്ക് വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.4

**********************

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സൂചിത മാർഗ്ഗരേഖ പ്രകാരം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂട് ഇല്ലാതെയും കൂട് ഉൾപ്പടെയും ധനസഹായം നൽകാം. 45 മുതൽ 60 ദിവസം വരെ പ്രായമുള്ള കോഴികുഞ്ഞുങ്ങളെയാണ് നൽകാവുന്നത്. ഒരു കോഴികുഞ്ഞിന് 120 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. 5 എണ്ണം അടങ്ങുന്നതാണ് ഒരു യൂണിറ്റ്. 100 ശതമാനം സബ്സിഡിയോടെ 600 രൂപ നൽകാം. ഇപ്രകാരം ഒരു ഗുണഭോക്താവിന് 5 യൂണിറ്റുവരെ പരമാവധി 25 കോഴികുഞ്ഞുങ്ങൾ എന്ന കണക്കിൽ നൽകാവുന്നതാണ്.

കോഴി കുഞ്ഞിന്റെ വില മൃഗസംരക്ഷണ വകുപ്പ് 10 രൂപ വർദ്ധിപ്പിച്ച് 130 രൂപയാക്കിയിട്ടുണ്ടെന്ന് ചൂണ്ടികാണിച്ചു കൊണ്ട് ഒരു യൂണിറ്റിന് 650 രൂപയാക്കണമെന്ന് പല തദ്ദേശഭരണസ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചിത മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായ നിരക്ക് 5 വർഷത്തേക്കാണ് നിശ്ചയിച്ചിരിക്കുന്നത്. കോഴികുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡിയോടെയാണ് നൽകുന്നത്. ഒരു കോഴി കുഞ്ഞിന് മൃഗസംരക്ഷണ വകുപ്പ് വരുത്തിയിരിക്കുന്ന 10 രൂപയുടെ വർദ്ധനവ് ഗുണഭോക്താക്കൾ വഹിക്കുന്ന രീതിയിൽ ഈ വർഷത്തേക്ക് പ്രോജക്ട് ക്രമപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. വർദ്ധിപ്പിച്ച നിരക്ക് സബ്സിഡി ധനസഹായ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നത് 2024-25 വർഷം പരിഗണിക്കുന്നതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. മൃഗ സംരക്ഷണ വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-10-2023 13:30:57

സെക്ഷൻ ഓഫീസർ.